## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 434      09.02.2016 ൽ മറുപടിക്ക്

### എനർജി സ്മാർട്ട് സ്കൂൾ പദ്ധതി

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ

" അൻവർ സാദത്ത്

" പി.എ.മാധവൻ

" കെ.മുരളീധരൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) സ്കൂളുകളിൽ , 1997 മുതൽ എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വന്ന ഊർജ്ജ സംരക്ഷണ ക്ലബ്ബ് പരിപാടി, 2013-14 അദ്ധ്യയനവർഷം മുതൽ സ്മാർട്ട് എനർജി പ്രോഗ്രാം എന്ന പേരിൽ നടപ്പിലാക്കി വരുന്നുണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) കുട്ടികൾക്കിടയിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുക, പുതുതലമുറയെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിപ്പിക്കുക,.പുതുതായി കണ്ടുപിടിക്കപ്പെട്ട ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ പ്രചരിപ്പിക്കുക, കുട്ടികൾക്കിടയിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നി ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) ഇ.എം.സിയുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ കോഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഓരോ ജോയിന്റ് കോഓർഡിനേറ്റർമാരും പ്രവർത്തിക്കുന്നു. BEE (ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി) യുടെ സഹായത്തോടു കൂടി SEP യുടെ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, പ്രൈവറ്റ് സ്കൂളുകൾക്കും സ്മാർട്ട് എനർജി പ്രോഗ്രാമിൽ അംഗമാകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ